5. ഹൃദ്രോഗ ചികിത്സക്കാവശ്യമായ ആധുനിക ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്.

6. കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, പൊതുമേഖലാ ജീവനക്കാർ എന്നിവർക്ക് ചികിത്സാ ,സൗകര്യങ്ങൾ ലഭ്യമാക്കുകയും ചികിത്സകൾക്ക് പരിയാരം മെഡിക്കൽ കോളേജിനെ അംഗീകരിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളുകയും ചെയ്യുക തുടങ്ങിയവയാണ്.

(ബി) മെഡിക്കൽ കോളേജിനാവശ്യമായ കെട്ടിടത്തിനും, ഉപകരണങ്ങൾക്കുമായി ഏകദേശം 130 കോടിയോളം ചെലവഴിച്ചു കഴിഞ്ഞു. നിലവിൽ ഏഴ് തിയേറ്ററുകൾ ആശുപത്രിയിൽ പ്രവർത്തിക്കുന്നുണ്ട് ഇതോടൊപ്പം 16 ഓപ്പറേഷൻ തീയേറ്റർ അടങ്ങുന്ന തീയേറ്റർ സമുച്ചയത്തിന്റെ പണി ഏതാണ്ട് പൂർത്തിയായി വരുന്നു. ഹൃദയ ശസ്ത്രക്രിയകൾക്ക് പൂർണ്ണമായി സജ്ജീകരിച്ച നാല് ഓപ്പറേഷൻ തിയേറ്ററുകൾ 'സഹകരണ ഹൃദയാലയ' എന്ന പേരിൽ വേറെയും ഒരുക്കിക്കഴിഞ്ഞു. നഴ്സിംഗ് കോളേജ്, നഴ്സിംഗ് സ്കൂൾ, ഫാർമസി കോളേജ്, ഡന്റൽ കോളേജ് എന്നിവയ്ക്കുള്ള കെട്ടിടങ്ങൾ നിർമ്മിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആയതിന് 20 കോടിയോളം രൂപ ചിലവ് വരും.

## വാഹനങ്ങളിൽ നിന്നും വമിക്കപ്പെടുന്ന പുക മലിനീകരണം തടയാൻ നടപടി

**25 (*265)** ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നിരത്തുകളിൽക്കൂടി ഓടുന്ന സർക്കാർ/സ്വകാര്യ ബസ്സുകളിൽ നിന്നും വമിക്കപ്പെടുന്ന പുക അന്തരീക്ഷത്തിൽ ഉണ്ടാക്കുന്ന മലിനീകരണം എത്രത്തോളമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) കെ.എസ്.ആർ.ടി.സി. ബസ്സുകൾ യഥാസമയം പുക പരിശോധനയ്ക്ക് വിധേയമാക്കാറുണ്ടോ ;

(സി) സ്വകാര്യ ബസ്സുകളിലെ പുക പരിശോധന സർട്ടിഫിക്കറ്റ് യഥാസമയം പുതുക്കുന്നുണ്ടോ എന്ന് കർശനമായി പരിശോധിക്കുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ, പ്രസ്തുത പരിശോധനയ്ക്കുള്ള നടപടികൾ അടിയന്തിരമായി കൈക്കൊള്ളുമോ ;

(ഇ) സംസ്ഥാനത്ത് ഓടുന്ന സർക്കാർ/സ്വകാര്യ ബസ്സുകളിൽ കാലപ്പഴക്കം ചെന്നവയെ നിരത്തുകളിൽ നിന്നും പൂർണ്ണമായി ഒഴിവാക്കുന്നതിന് സർക്കാർ തയ്യാറാകുമോ ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) :

(എ) വാഹനങ്ങളിൽ നിന്നും വമിക്കപ്പെടുന്ന പുക അന്തരീക്ഷത്തിൽ ഉണ്ടാക്കുന്ന മലിനീകരണം എത്രത്തോളമാണെന്ന് വിലയിരുത്താനുള്ള സംവിധാനം മോട്ടോർ വാഹന വകുപ്പിനില്ല.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) സംസ്ഥാനത്ത് ഓടുന്ന സർക്കാർ/സ്വകാര്യ ബസ്സുകളിൽ കാലപ്പഴക്കം ചെന്നവയെ നിരത്തുകളിൽ നിന്നും ഒഴിവാക്കാനുള്ള നടപടി ആരംഭിച്ചു കഴിഞ്ഞു. 20-3-2001-ൽ കൂടിയ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി യോഗത്തിൽ കേരളത്തിൽ സർവ്വീസ് നടത്തുന്ന ബസ്സുകൾ രജിസ്ട്രേഷൻ തീയതി മുതൽ 15 വർഷം പൂർത്തിയായാൽ മാറ്റണമെന്ന് പെർമിറ്റിൽ വ്യവസ്ഥ ചെയ്യുവാനും റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികൾക്ക് നിർദ്ദേശം നൽകുവാനും തീരുമാനിക്കുകയുണ്ടായി. അതതനുസരിച്ച് സംസ്ഥാനത്തെ വിവിധ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികൾ യോഗം കൂടി അതതു ജില്ലകളിൽ നിന്നും 15 വർഷം തികഞ്ഞ ബസ്സുകൾ പിൻവലിക്കേണ്ട തീയതികൾ തീരുമാനിക്കുകയും ചെയ്തു. ഈ തീരുമാനത്തിനെതിരെ സമർപ്പിക്കപ്പെട്ട ഹർജിയിൽ കേരള ഹൈക്കോടതി നിലവിലുള്ള ബസ്സുടമകൾക്ക് ഇപ്രകാരമുള്ള ബസ്സുകൾ മാറ്റുന്നതിന് രണ്ടു വർഷം അനുവദിക്കുന്നതിന് ഉത്തരവായി. അതിനുശേഷം ആറുമാസം കൂടി സർക്കാർ അനുവദിക്കുകയുണ്ടായി. കാലപ്പഴക്കം ചെന്ന സ്റ്റേജ് ക്യാരേജുകൾ യാത്രക്കാരുടെ ജീവന് ഭീഷണിയായതിനാലാണ് അവ മാറ്റണമെന്ന തീരുമാനം ബന്ധപ്പെട്ട ആർ.ടി.എ.കൾ എടുത്തത്.

## കൈത്തറി തൊഴിലാളികളുടെ കൂലിയും ആനുകൂല്യങ്ങളും ഏകീകരിക്കാൻ നടപടി

**26 (*266)** ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി തൊഴിലാളികളുടെ കൂലിയും ആനുകൂല്യങ്ങളും ദേശീയ തലത്തിൽ ഏകീകരിക്കാൻ നടപടികളായിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള നിർദ്ദേശം അവതരിപ്പിക്കുമോ ;

(സി) വില കുറഞ്ഞ തമിഴ്നാട് കൈത്തറി തുണിത്തരങ്ങൾ ക്രമാതീതമായി കൊണ്ടുവന്ന് റിബേറ്റ് ആനുകൂല്യങ്ങൾ കരസ്ഥമാക്കുന്നതിനാൽ കേരളത്തിലെ കൈത്തറി ഉൽപ്പന്നങ്ങളുടെ മാർക്കറ്റ് നഷ്ടപ്പെടുന്നത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly